STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2342950, 2342271, 2342369 email : scolekerala@gmail.com, www.scolekerala.org

നമ്പർ എ4/1394/23/സ്കോൾ കേരള

തീയതി : 09.03.2023

## സ്കോൾ-കേരള-ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ കോഴ്സ് - 2023 ബാച്ച് - പ്രവേശന വിജ്ഞാപനം

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആജീവനാന്ത വിദ്യാഭ്യാസ സ്വയം ഭരണ സ്ഥാപനമായ സ്കോൾ-കേരളയിൽ നാഷണൽ ആയുഷ്മിഷന്റെയും സംസ്ഥാന ആയുഷ് വകുപ്പിന്റെയും അംഗീകാരത്തോടെ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ കോഴ്സിന്റെ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

| | | |
|---|---|---|
| പ്രവേശന യോഗ്യത | - | ഹയർസെക്കണ്ടറി/തത്തുല്യകോഴ്സിലെ വിജയം |
| പ്രായപരിധി | - | 17 വയസ് മുതൽ 50 വയസ് വരെ (പ്രവേശന വിജ്ഞാപന തീയതി അടിസ്ഥാനമാക്കിയാണ് പ്രായം കണക്കാക്കുക.) |
| പഠനമാധ്യമം | - | മലയാളം |
| പഠന രീതി | - | ബ്ലെൻഡഡ് മോഡ് (ഓൺലൈൻ/ഓഫ്ലൈൻ) |
| കോഴ്സ് കാലാവധി | - | 1 വർഷം (440 മണിക്കൂർ) |
| **ഫീസ് ഘടന** | | |
| കോഴ്സ് ഫീസ് | - | 12000/- |
| പ്രവേശന ഫീസ് | - | 500/- |
| ആകെ | - | 12,500/- |

കോഴ്സ് ഫീസ് ഒറ്റത്തവണയായോ രണ്ട് തവണകളായോ ഒടുക്കാവുന്നതാണ്. കോഴ്സ് ഫീസിന്റെ 50% (6000 + 500) പ്രവേശന സമയത്തും, രണ്ടാം ഗഡു 50% ഹാജർ പൂർത്തിയാക്കുന്നതിന് മുമ്പും (6000/- രൂപ) ഒടുക്കേണ്ടതാണ്.

**10.03.2023** മുതൽ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കും. പിഴകൂടാതെ **10.04.2023** വരെയും 100/- രൂപ പിഴയോടെ **20.04.2023** വരെയും ഫീസ് അടച്ച് www.scolekerala.org എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം. രജിസ്ട്രേഷൻ രണ്ട് ഘട്ടങ്ങളായിട്ടാണ് പൂർത്തിയാക്കേണ്ടത്. വെബ്സൈറ്റ് മുഖേന ജനറേറ്റ് ചെയ്ത് ലഭിക്കുന്ന ചെലാൻ ഉപയോഗിച്ച് സംസ്ഥാനത്തെ ഏതെങ്കിലും ഒരു പോസ്റ്റ് ഓഫീസിൽ ഫീസ് അടയ്ക്കേണ്ടതാണ്. ഒരു ബാച്ചിൽ 30 വിദ്യാർഥികൾക്കാണ് പ്രവേശനം അനുവദിക്കുക. ഒരു ജില്ലയിൽ ഒരു പഠന കേന്ദ്രമാണ് ആദ്യ ബാച്ചിൽ അനുവദിച്ചിട്ടുള്ളത്. രജിസ്ട്രേഷനുള്ള മാർഗ്ഗനിർദേശങ്ങൾ പ്രോസ്പെക്ടസിൽ പ്രതിപാദിച്ചിട്ടുണ്ട്. ആയത് സ്കോൾ-കേരളയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഓൺലൈനായി രജിസ്റ്റർ ചെയ്ത അപേക്ഷാഫാറം പ്രിന്റ് എടുത്ത് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ഫീസ് അടച്ച ഒറിജിനൽ ചെലാൻ എന്നിവ സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

ഓൺലൈൻ രജിസ്ട്രേഷനു ശേഷം രണ്ടു ദിവസത്തിനകം നിർദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷ എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം -12 എന്ന വിലാസത്തിലോ സ്കോൾ-കേരളയുടെ അതാത് ജില്ലാ കോന്ദ്രങ്ങളിലോ നേരിട്ട് എത്തിക്കേണ്ടതും അല്ലെങ്കിൽ സ്പീഡ്/രജിസ്ട്രേഡ് തപാൽ മാർഗ്ഗം അയക്കാവുന്നതുമാണ്. ജില്ലാകേന്ദ്രങ്ങളിലെ മേൽവിലാസവും, പഠനകേന്ദ്രങ്ങളുടെ വിശദാംശങ്ങളും സ്കോൾ-കേരള വെബ്സൈറ്റിൽ (www.scolekerala.org) ലഭ്യമാണ്.

SCOLE-KERALA - STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA
Vidhya Bhavan
Poojappura
Thiruvananthapuram
695012

എക്സിക്യൂട്ടീവ് ഡയറക്ടർ
ഇൻചാർജ്

C5/A4//169